# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10

28.10.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## പൊതുഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ. കെ.സുരേഷ് കുറുപ്പ്**
**ശ്രീ. വി. കെ. സി. മമ്മത് കോയ**
**ശ്രീ. ഡി.കെ. മുരളി**
**ശ്രീ. ഒ. ആർ. കേളു**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുഭരണം കാര്യക്ഷമവും അഴിമതി രഹിതവും ആക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പൊതുഭരണം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.<br>എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജന ക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലനനയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. എല്ലാ വകുപ്പുകളിലേയും ജീവനക്കാർക്കായി വിവിധ പരിശീലന പരിപാടികൾ ഐ.എം.ജി മുഖേന നടത്തി വരുന്നുണ്ട്.<br>സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ State Training Policy യുടെ ഭാഗമായി വർഷാവർഷം രൂപപ്പെടുത്തുന്ന Training Calendar പ്രകാരം വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് ഐ.എം.ജി.യിൽ പരിശീലനം നൽകിവരുന്നു. കൂടാതെ സംസ്ഥാന പരിശീലന പരിപാടികൾക്ക് ഉപരിയായി |

| | | | |
|---|---|---|---|
| | | | വകുപ്പുകളുടെ തനത് വിഭവം ഉപയോഗിച്ച് സർവ്വീസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ പരിശീലന പരിപാടികളും ഐ.എം.ജി. സംഘടിപ്പിക്കുന്നുണ്ട്. ഇതിന് പുറമെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടികളും ഐ.എം.ജി. നടത്തിവരുന്നു.<br>പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. അതിൻപ്രകാരം എല്ലാ വകുപ്പുകളും പൊതുജനങ്ങൾക്ക് സേവനങ്ങൾ പൂർണമായി ഓൺലൈനിൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനം 'ഇ സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെയും ' എം സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഒഴിവുകൾ പരമാവധി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വളരെ ഫലപ്രദമായി ഇടപെടുവാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം / സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം / മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും, സസ്പെൻഷൻ മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുവേണ്ടി എല്ലാ വകുപ്പുകളിലെയും ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>അഴിമതിയോട് ' Zero Tolerance' എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുളളത്. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായ ഇടപാടുകളാണ് ട്രഷറി വകുപ്പിൽ നടക്കുന്നത്. ആയതിനാൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായും അഴിമതിയുടെ സാഹചര്യം ഒഴിവാക്കുന്നതിലേക്കും സോഫ്റ്റ് വെയറിൽ അനിവാര്യമായ ക്രമീകരണങ്ങൾ നിരന്തരം നടത്തി വരുന്നുണ്ട്. ജീവനക്കാർക്കെതിരെ ഏതെങ്കിലും പരാതികൾ ഉയർന്നു വരുന്ന പക്ഷം ആയത് പരിശോധിക്കുന്നതിനായി ട്രഷറി ഡയറക്ടറേറ്റിൽ ഒരു പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗൗരവതരമായ പരാതികൾ പരിശോധിക്കുന്നതിനായി ജോയിന്റ്ഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. ടി സെക്ഷനുകളിൽ ലഭിക്കുന്ന പരാതികളിൽമേൽ ഗൗരവതരമായ അന്വേഷണം നടത്തി ചട്ടപ്രകാരം നടപടി സ്വീകരിക്കാറുമുണ്ട്. |
| (ബി) | വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ; | (ബി) | വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികളുടെ ഓഫീസുകളിലും പ്രത്യേക അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. |
| (സി) | സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണവകുപ്പ് എന്ന വകുപ്പ് രൂപീകരിക്കുകയുണ്ടായി. പദ്ധതികളുടെ നടത്തിപ്പ് സൂക്ഷ്മമായി വിലയിരുത്തുന്നതിന് E-സമീക്ഷ, e-PMG എന്നീ പോർട്ടലുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കാൻ പുതിയ സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | എൻ.ഐ.സി. വഴി നടപ്പിലാക്കിയ ഇ – ഓഫീസ് സോഫ്റ്റ്വെയറിൽ നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കുമായി ഒരു പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷൻ |

| | | | |
|---|---|---|---|
| | | | ഓപ്പൺ ടെണ്ടർ വഴി കണ്ടെത്തുന്നതിന് തീരുമാനമെടുത്തിരുന്നു. ഇപ്രകാരം, പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ പോരായ്മകൾ എൻ.ഐ.സി. പരിഹരിക്കുകയും ഇപ്പോൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ/ പൊതുഭരണവകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിയമവകുപ്പിൽ LIMS സോഫ്റ്റ്‌വെയറിലൂടെയാണ് ഫയൽ നീക്കം നടത്തുന്നത്. നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ KAT, ഹൈക്കോടതി എന്നിവയുമായി ബന്ധപ്പെട്ട് തീർപ്പാക്കുന്ന ഫയലുകൾ MISAGO എന്ന പുതിയ സോഫ്റ്റ്‌വെയറിലൂടെയാണ് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ